approved for CBSE 10th Standerd

രാജൻ തുവ്വാര

# ചട്ടമ്പിസ്വാമികൾ

## ജീവിതവും സന്ദേശവും



# ചട്ടമ്പിസ്വാമികൾ

## ജീവിതവും സന്ദേശവും

രാജൻ തുവ്വാര

കറന്റ് ബുക്സ് തൃശൂർ

# ഉള്ളടക്കം


യുഗപുരുഷന്റെ ജനനം 7

വിദ്യാഭ്യാസവും ജീവിതവൃത്തിയും 15

സന്യാസത്തിന്റെ തുടക്കം 30

ശ്രീനാരായണ ഗുരു 36

യാത്രകൾ 41

പരിവ്രാജകന്റെ സഞ്ചാരങ്ങൾ 45

സാധാരണക്കാരനായ സന്യാസി 52

ശിഷ്യന്മാരും അനുയായികളും 60

വിജ്ഞാനദാഹിയായ വിപ്ലവകാരി 64

അറുപതാം പിറന്നാളും എഴുമറ്റൂർ ആശ്രമവും 76

ചട്ടമ്പിസ്വാമികളുടെ സന്ദേശം 83

മഹാസമാധി 90

കേരളീയ നവോത്ഥാനവും ചട്ടമ്പിസ്വാമികളും 102

*ലോകത്തിൽ മഹത്തും ബൃഹത്തുമായ*
*പലതിന്റെയും തുടക്കം എത്രയോ ലഘുവാണ്.*

# യുഗപുരുഷന്റെ ജനനം

തിരുവനന്തപുരത്തെ നെയ്യാറ്റിൻകരയ്ക്കടുത്തുള്ള ഒരു ഗ്രാമമാണ് മലയിൻകീഴ്. അവിടത്തെ പ്രശസ്തമായ ഒരു നായർ തറവാടായിരുന്നു മച്ചിൽ പോനിയത്ത്. പാവനമായ പാരമ്പര്യമുള്ള കുടുംബമായിരുന്നു അത്. ഇവരുടെ പൂർവികർ പാണ്ഡിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും മേഖലകളിൽ പ്രശസ്തരായിരുന്നു. അസാമാന്യ പാണ്ഡിത്യത്തിനുടമയായിരുന്ന ഹരിഹര ശാസ്ത്രികളുടെ പ്രധാന ശിഷ്യന്മാരിലൊരാളായിരുന്നു പോനിയത്തു തറവാട്ടിലെ ഈശ്വരപിള്ള. ബ്രഹ്മജ്ഞാനിയായ ഈശ്വരപിള്ള ഒരു തൃസന്ധ്യയ്ക്ക് *ബ്രഹ്മനിഷ്ഠയിൽ ഇരുന്നുകൊണ്ട് സ്വന്തം ശരീരം ഉപേക്ഷിച്ചു എന്നാണ് കഥ.

ഈ തറവാട്ടിലെത്തന്നെ മറ്റൊരു പ്രഗത്ഭനായ നാരായണ മൗനി തന്റെ സന്യാസജീവിതംകൊണ്ടും പാണ്ഡിത്യംകൊണ്ടും തിരുവിതാംകൂറിൽ ദിവ്യനായി അറിയപ്പെട്ടിരുന്നു. ഈ രണ്ട് മഹാജ്ഞാനികൾക്കു പുറമെ 'ഉമ്മിണി നായനാചാര്യർ' എന്ന ഒരു പണ്ഡിത മഹാശയൻകൂടി ആ തറവാട്ടിലെ അറിയപ്പെടുന്ന വ്യക്തികളിലുൾപ്പെട്ടിരുന്നു. ഇദ്ദേഹത്തിന്റെ പാണ്ഡിത്യത്തിനുള്ള അംഗീകാരമായി സ്വാതിതിരുന്നാൾ മഹാരാജാവ് ചെറിയൊരു തുക ഇദ്ദേഹത്തിന് അടുത്തൂൺ (പെൻഷൻ) ആയി അനുവദിച്ചു.

ക്രമേണ ഈ കുടുംബത്തിന് സാമ്പത്തികക്ഷയം നേരിട്ടു. ഈ കുടുംബത്തിലെ ദരിദ്രരായ ഒരു വിഭാഗം തിരുവനന്തപുര

---

* ബ്രഹ്മത്തിൽ (ബ്രഹ്മാവ്) മനസ്സുറപ്പിച്ചിരുന്ന്

ത്തിനു വടക്കുള്ള കൊല്ലൂർ ഗ്രാമത്തിൽ ഉള്ളൂർക്കോട്ട് താമസ മാക്കി.

ഉള്ളൂർക്കോട്ട് വീട്ടിലെ നങ്കാദേവി എന്ന പെൺകുട്ടിയെ വാസുദേവശർമ്മ എന്ന ദരിദ്രബ്രാഹ്മണൻ സംബന്ധം ചെയ്തു. സാത്വികനും ധർമ്മിഷ്ഠനുമായിരുന്ന അദ്ദേഹത്തിന്റെ ശരിയായ പേര് താമരശ്ശേരി അനന്തശർമ്മൻ എന്നായിരുന്നു. സ്വദേശം മാവേലിക്കരയായിരുന്നു.

1853 ആഗസ്റ്റ് ഇരുപത്തിയഞ്ചിനായിരുന്നു വാസുദേവശർമ്മ നങ്കാദേവി ദമ്പതികൾക്ക് ആദ്യത്തെ കുഞ്ഞ് പിറന്നത്. ആ ആൺകുഞ്ഞിന് അവർ അയ്യപ്പൻ എന്ന പേരു നൽകി. പതിവു പോലെ തങ്ങളുടെ കുഞ്ഞിന് ഒരു ചെല്ലപ്പേര് നൽകാനും അവർ മറന്നില്ല - കുഞ്ഞൻ എന്നായിരുന്നു അവർ തങ്ങളുടെ അരുമ സന്താനത്തെ സ്നേഹപൂർവ്വം വിളിച്ചിരുന്നത്.

കുഞ്ഞനു താഴെ ഒരാൺകുഞ്ഞും പെൺകുഞ്ഞും ജനിച്ചു. വേലുക്കുട്ടി എന്നായിരുന്നു ആൺകുട്ടിയുടെ പേര്. ആറുവയസ്സു ള്ളപ്പോൾ അവൻ അകാലചരമം പ്രാപിച്ചു. നാണി എന്നായി രുന്നു കുഞ്ഞന്റെ അനിയത്തിയുടെ പേര്. കുട്ടിക്കാലത്തുതന്നെ വീട്ടിലെ ദാരിദ്ര്യം കുഞ്ഞന്റെ ചുമലിൽ കഷ്ടപ്പാടിന്റെ മാറാപ്പു കയറ്റിവെച്ചു.

കുടുംബത്തിലെ നിത്യവൃത്തിക്കായി അയൽപക്കത്തെ കുറ്റി ക്കാടുകളിൽ പോയി പൂ പറിച്ച് മാല കെട്ടി കൊല്ലൂർ ക്ഷേത്ര ത്തിൽ ഏല്പിക്കുകയായിരുന്നു കുഞ്ഞൻ ചെയ്തിരുന്നത്. ഇതു കൂടാതെ അയൽപ്രദേശത്ത് വളർന്നുനിന്നിരുന്ന താളും തകരയും ചീരയും പറിച്ചെടുത്ത് കൊല്ലൂർ മഠത്തിലെ അന്തർജനങ്ങൾക്കു കറിവെക്കാൻ കൊടുക്കുന്നതും കുഞ്ഞന്റെ ജോലിയായിരുന്നു. ഇതിനു പ്രതിഫലമായി കുറച്ച് ഉണക്കലരിച്ചോറു മാത്രമാണ് അവനു ലഭിച്ചിരുന്നത്. മഠത്തിൽനിന്ന് അല്പം ഉപ്പും മുളകും തരപ്പെടുത്തി അത് ചേർത്ത് പാകപ്പെടുത്തി ഉണങ്ങലരിച്ചോറ് കഴിക്കുന്നതായിരുന്നു കുഞ്ഞന്റെ ഭക്ഷണം.

സ്കൂളിൽ ചേർന്നു പഠിക്കുവാനുള്ള യാതൊരു മാർഗ്ഗവും കുഞ്ഞനുണ്ടായിരുന്നില്ല. പിതാവിൽനിന്നാണ് കുഞ്ഞൻ മലയാളം അക്ഷരമാല പഠിച്ചത്. അയൽപക്കത്തെ കുട്ടികളുടെ പുസ്തകങ്ങൾ വാങ്ങി വായിക്കുന്നത് കുഞ്ഞന്റെ ശീലമായി രുന്നു. അങ്ങനെയാണ് അവൻ തമിഴും മലയാളവും കൂടുതൽ പഠിച്ചെടുത്തത്. ഈ പഠനപ്രക്രിയ മലയാളവും തമിഴും സുഗമ മായി വായിക്കുവാൻ അവനെ സഹായിച്ചു.

കൊല്ലൂർ മഠത്തിലെ ആൺകുട്ടികളെ സംസ്കൃതം പഠിപ്പി ക്കുവാനായി ഒരദ്ധ്യാപകനെ നിയമിച്ചിരുന്നു. അദ്ദേഹം കുട്ടി കളെ സംസ്കൃതം പഠിപ്പിക്കുന്ന സമയം കുഞ്ഞൻ മഠത്തിലെ മതിലിനപ്പുറത്തിരുന്ന് അതുകേട്ട് പഠിക്കുമായിരുന്നു. ഇന്നത്തെ കുട്ടികളുടെ സമൂഹത്തിന് ആലോചിക്കുവാൻ പോലുമാകാത്ത ഒരു കാര്യം.

ഒരുദിവസം ഇപ്രകാരം മഠത്തിലെ ക്ലാസ്മുറിക്കു പുറത്ത് മറ ഞ്ഞിരുന്ന് സംസ്കൃതം പഠിപ്പിക്കുന്നതു കേട്ട് അത് ഉരുവിട്ടു പഠിക്കുന്ന കുഞ്ഞനെ ആ ഗുരുനാഥൻ പിടികൂടി. എന്നാൽ ആ പ്രതിഭാധനനായ ബാലൻ സംസ്കൃതഭാഷയിൽ ആർജ്ജിച്ചു കഴിഞ്ഞ മികവു കണ്ട് അദ്ധ്യാപകൻ അതിശയിച്ചു. ഉദാരമന സ്കനായ അദ്ദേഹം കുഞ്ഞനോട് ബ്രാഹ്മണ ബാലന്മാർക്കൊപ്പം മുറിയിൽ കയറിയിരുന്ന് താൻ പറഞ്ഞുകൊടുക്കുന്നത് ഹൃദിസ്ഥ മാക്കിക്കൊള്ളുവാൻ പറഞ്ഞു. താമസംവിനാ കുഞ്ഞൻ മറ്റു കുട്ടി കളെ ബഹുദൂരം അതിശയിപ്പിച്ചുകൊണ്ട് സംസ്കൃതത്തിലുള്ള തന്റെ മികവ് കൂടുതൽ പ്രകടമാക്കി.

കുഞ്ഞൻപിള്ളയുടെ വിജ്ഞാനദാഹവും കാര്യങ്ങൾ അതി വേഗം ഹൃദിസ്ഥമാക്കുവാനുള്ള സിദ്ധിയും കണ്ട ഒരു ബന്ധു അദ്ദേഹത്തെ തിരുവനന്തപുരം പട്ടണത്തിലും പരിസരപ്രദേശ ങ്ങളിലും പ്രസിദ്ധനായ നിലത്തെഴുത്താശാൻ തിരുമധുരപ്പേട്ട രാമൻപിള്ളയുടെ കളരിയിൽ പഠനത്തിന് കൊണ്ടുചെന്നാക്കി. പ്രായം കൂടിയവനും അതിബുദ്ധിമാനുമായതുകൊണ്ട് രാമൻ

പിള്ള കുഞ്ഞൻപിള്ളയെ ക്ലാസിലെ മോണിട്ടർ അഥവാ 'ചട്ടമ്പി' ആയി നിയോഗിച്ചു.

ആശാനില്ലാത്തപ്പോൾ മറ്റു വിദ്യാർത്ഥികളെ നിയന്ത്രിക്കുക, അച്ചടക്കം പാലിക്കുന്നതിനുള്ള നടപടികളുടെ കൈകാര്യം എന്നിവ 'ചട്ടമ്പി'യുടെ ചുമതലയിലുള്ള കാര്യമായിരുന്നു. ഈ നിലത്തെഴുത്തു കളരിയിൽനിന്നു ലഭിച്ച 'ചട്ടമ്പി' എന്ന വിശേഷണം (കുട്ടികളെ ചട്ടം പഠിപ്പിക്കുന്ന ചട്ടംപിള്ള) പിൽക്കാലത്ത് അദ്ദേഹത്തിന്റെ അംഗീകൃത വിശേഷണമായിത്തീർന്നത് ചരിത്രം. രാമൻപിള്ളയുടെ അടുത്തുനിന്ന് പല കാര്യങ്ങളും കുഞ്ഞൻപിള്ള ഹൃദിസ്ഥമാക്കി. വേദാന്തസംബന്ധമായ 'കൈവല്യനവനീതം' എന്ന ഗ്രന്ഥമുൾപ്പെടെ മറ്റു ചില സവിശേഷ ഗ്രന്ഥങ്ങളും കുഞ്ഞൻപിള്ള ഗുരുവിന്റെ പക്കൽനിന്ന് വായിക്കുവാൻ കൊണ്ടുപോയിരുന്നു.

ഇതിനു പുറമെ രാമൻപിള്ളയിൽനിന്ന് സംഗീതവും അദ്ദേഹം അഭ്യസിച്ചിരുന്നു. രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും കിളിപ്പാട്ടു ശൈലിയിലുള്ള വ്യാഖ്യാനങ്ങൾ കുഞ്ഞൻപിള്ള സംഗീത നിബദ്ധമായി പല രാഗങ്ങളിലും വിസ്തരിച്ചു വായിക്കുമായിരുന്നു. രാമൻപിള്ളയുടെ അയൽവാസികളായ യുവാക്കൾ സംഗീതസൗന്ദര്യം തുളുമ്പുന്ന ഈ വായന കേൾക്കുവാനും അതുവഴി ഈ മഹത്ഗ്രന്ഥങ്ങൾ പഠിക്കുവാനുമായി അവിടെ വരിക പതിവായിരുന്നു.

ഈ യുവാക്കളെക്കൊണ്ട് ഈ ഗ്രന്ഥങ്ങൾ വായിപ്പിക്കുന്ന ജോലി കുഞ്ഞൻ ചട്ടമ്പി ഏറ്റെടുത്തു. രാമൻപിള്ളയുടെ വീട്ടിലെ ഒരംഗത്തെപ്പോലെ കുഞ്ഞൻപിള്ള സദാസമയവും ഇത്തരം ഗ്രന്ഥപാരായണത്തിലൂടെ അവിടെ ചെലവഴിച്ചു. സംഗീതത്തിൽ കുഞ്ഞൻപിള്ള അസാമാന്യമായ വ്യുൽപ്പത്തി പ്രകടമാക്കിയിരുന്നു.

രാമൻപിള്ളയാശാന്റെ കളരിയിൽ പഠിക്കുന്ന കാലത്ത് പലപ്പോഴും കുഞ്ഞൻപിള്ള അപ്രത്യക്ഷനാകുമായിരുന്നു. കുഞ്ഞൻപിള്ള ഏതെങ്കിലും ചീത്ത കൂട്ടുകെട്ടിൽ ചെന്നു ചാടിയിട്ടുണ്ടാ

കുമോ എന്ന സന്ദേഹം ആശാനില്ലാതിരുന്നില്ല. ഒന്നുരണ്ടു തവണ ഈ അപ്രത്യക്ഷമാകൽ നിരീക്ഷിച്ചശേഷം ഒരു സംഘം പഠിതാക്കളുമായി ചേർന്ന് ഇയാൾ എവിടേക്കു പോകുന്നുവെന്ന് അന്വേഷിച്ചു കണ്ടെത്തണമെന്ന് രാമൻപിള്ളയാശാൻ തീരുമാനിച്ചു.

രാമൻപിള്ളയാശാനും സംഘവും ചേർന്ന് അടുത്ത വീടുകളിലെല്ലാം അന്വേഷിച്ചു. വീടുകളിലൊന്നും ഇദ്ദേഹത്തെ കണ്ടെത്തുവാൻ അന്വേഷണസംഘത്തിനായില്ല. കുറേസമയം നീണ്ടുനിന്ന തിരച്ചിലിനൊടുവിൽ കുറച്ചു മാറി സ്ഥിതി ചെയ്തിരുന്ന ഇടിഞ്ഞുപൊളിഞ്ഞ ഒരു കാളിക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്കു മുന്നിൽ കുഞ്ഞൻപിള്ള ഒരു സന്യാസിയെപ്പോലെ മൗനപ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുന്നതു കണ്ടു.

ആളുകൾ അടുത്തുചെന്നപ്പോഴൊന്നും കുഞ്ഞൻപിള്ളയിലെ സന്യാസി അതൊന്നും അറിഞ്ഞമട്ടില്ലായിരുന്നു. ചൂട്ടുംകത്തിച്ചു ചെന്ന ആ ചെറുപ്പക്കാരും ആശാനും അദ്ഭുതസ്തബ്ധരായി എന്നു പറയേണ്ടതില്ലല്ലോ.

കുഞ്ഞൻപിള്ള സന്യാസിക ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയ കാലത്തുതന്നെയാണ് ജാതിവ്യവസ്ഥയ്ക്കെതിരെ അദ്ദേഹം പ്രതികരിച്ചത്. അക്കാലത്ത്, സവർണ്ണനായി കരുതപ്പെട്ടിരുന്ന നായർ സമുദായത്തിൽപെട്ടയാൾ ഈഴവസമുദായത്തിൽപ്പെട്ട ഒരാൾക്കൊപ്പം ഭക്ഷണം കഴിക്കുന്നത് കുറ്റകരമായിരുന്നു. ഈ മലീമസമായ ജാതിവ്യവസ്ഥയ്ക്കെതിരെ കുഞ്ഞൻപിള്ള പ്രതികരിച്ചത് പ്രവൃത്തിയിലൂടെയായിരുന്നു.

ഒരുകൂട്ടം ഈഴവസുഹൃത്തുക്കൾക്കൊപ്പം കുഞ്ഞൻപിള്ള പരമേശ്വരൻ എന്നൊരു ഈഴവസുഹൃത്തിന്റെ വീട്ടിൽകയറി ഭക്ഷണം കഴിച്ചു. മാനേജർ എന്ന പേരിൽ അക്കാലത്ത് പ്രസിദ്ധനായിരുന്ന ഈ പരമേശ്വരന്റെ അനുജനായിരുന്നു പ്രശസ്തനായ ഡോക്ടർ പല്പു.

അറിവിനോടുള്ള അടങ്ങാത്ത ദാഹമായിരുന്നു ചട്ടമ്പിയെ മറ്റു വിദ്യാർത്ഥികളിൽനിന്ന് വ്യത്യസ്തനാക്കിയത്. ആ ബാലപ്രതിഭ

യുടെ ഓർമ്മശക്തി അപാരമായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ കുഞ്ഞൻ ചട്ടമ്പി സാഹിത്യത്തോട് അഭിരുചി പ്രകടിപ്പിച്ചിരുന്നു.

എല്ലാ ജീവജാലങ്ങളോടും അനുകമ്പയും സ്നേഹവും ബഹുമാനവും സൂക്ഷിച്ചിരുന്ന മനുഷ്യനായിരുന്നു കുഞ്ഞൻപിള്ള. അറിയാതെയായാൽപോലും ഒരു പുഴുവിനെപ്പോലും വേദനിപ്പിക്കുന്നത് കുഞ്ഞൻപിള്ളയ്ക്ക് ആലോചിക്കുവാൻ കഴിയാത്ത കാര്യമായിരുന്നു. അങ്ങനെയുള്ള അബദ്ധങ്ങൾ പറ്റിയാൽ കുഞ്ഞൻപിള്ളയ്ക്ക് രാത്രിയിൽ ഉറങ്ങാൻ പറ്റാത്ത അവസ്ഥ സംജാതമാകും.

വ്യായാമമുറകളോടും കളികളോടും സവിശേഷ പ്രതിപത്തിയുണ്ടായിരുന്ന കുഞ്ഞൻപിള്ള അവയിലെല്ലാം അനിതരസാധാരണമായ മികവു കാണിച്ചിരുന്നു. സംഗീതത്തോടുള്ള അദ്ദേഹത്തിന്റെ ആദരവും ഭക്തിയും സവിശേഷമായിരുന്നു. സംഗീതോപാസനയിൽ ലയിച്ചിരുന്ന് തനിക്കു ചുറ്റുമുള്ള ലോകത്തെപ്പോലും വിസ്മരിക്കുന്നവനായിരുന്നു അദ്ദേഹം. അതിമനോഹരമായ സ്വരമാധുരിക്കുടമയായിരുന്നു അദ്ദേഹം. ഭക്തികാവ്യങ്ങൾ അദ്ദേഹം വായിക്കുമ്പോൾ അത് ഒരു സ്ത്രീ വായിക്കുകയാണെന്ന തോന്നൽ ഉളവാക്കുമായിരുന്നു.

അപൂർവ്വമായ രാഗങ്ങൾ ആലപിക്കുവാനുള്ള ഇദ്ദേഹത്തിന്റെ സിദ്ധി സുപ്രസിദ്ധമായിരുന്നു. കഥകളിയോട് അടങ്ങാത്ത താല്പര്യം പുലർത്തിയിരുന്ന കുഞ്ഞൻപിള്ള ചട്ടമ്പി അതിസങ്കീർണ്ണമായ മുദ്രകൾ സ്വായത്തമാക്കിയിരുന്നു. വാദ്യോപകരണങ്ങൾ പ്രയോഗിക്കുന്നതിൽ ചട്ടമ്പിക്ക് അസാധാരണ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. ചിത്രകലയിലും പ്രാഗത്ഭ്യമുണ്ടായിരുന്ന കുഞ്ഞൻപിള്ളയ്ക്ക് പക്ഷേ സൗകര്യങ്ങളുടെ അഭാവം നിമിത്തം ആ സിദ്ധി വികസിപ്പിച്ചെടുക്കാനായില്ല.

എന്നാൽ ഈ സുകുമാരകലകളിലും നടനകലയിലുമുള്ള മികവൊന്നും അദ്ദേഹത്തെ ആ മേഖലകളിലേക്ക് ആകർഷിച്ചില്ല. ആദ്ധ്യാത്മികമായ അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിവൃത്തിച്ചു

കൊടുക്കുവാൻ ഈ കലാസിദ്ധികൾക്കൊന്നും സാധിക്കുകയില്ലായിരുന്നു. ജീവിതത്തിന്റെ നിഗൂഢമായ ഉള്ളറകളിലേക്കിറങ്ങിച്ചെന്ന് സാധാരണ മനുഷ്യർ അനുഭവിച്ചറിയാത്ത അമേയമായ ആനന്ദവും ഇന്ദ്രിയഗോചരമല്ലാത്ത സനാതന സത്യവും കണ്ടെത്തുകയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം.

ആദ്ധ്യാത്മിക പ്രഭാപൂരത്തിലേക്കു പ്രവേശിക്കുവാൻ വേദാന്ത പരിജ്ഞാനം ആവശ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. അതിനുവേണ്ടി മലയാളത്തിലും തമിഴിലും രചിക്കപ്പെട്ട പൗരാണിക ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചു. എന്നാൽ ഈ ഗ്രന്ഥങ്ങൾക്കപ്പുറമാണ് *ആത്മജ്ഞാനം എന്നദ്ദേഹം മനസ്സിലാക്കി - ഭാരതീയ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ ഗുരു സങ്കല്പം. മഹാനായ ഒരു ഗുരുദേവന്റെ സാമീപ്യത്തിനുവേണ്ടി അദ്ദേഹത്തിന്റെ മനസ്സ് കേണുകൊണ്ടിരുന്നു.

കാഷായ വസ്ത്രധാരികളായ സന്യാസിമാരോട് ഈ ഘട്ടത്തിൽ അദ്ദേഹത്തിനു വലിയ ആരാധന തോന്നിത്തുടങ്ങിയിരുന്നു. കുട്ടിക്കാലത്ത് പൂക്കൾ ഇറുത്ത് കൊല്ലൂരിലെ ക്ഷേത്രത്തിൽ സമർപ്പിക്കുമായിരുന്നു ഇദ്ദേഹം. ഇങ്ങനെയിരിക്കെ ഒരു ദിവസം ക്ഷേത്രത്തിലെത്തിയ കുഞ്ഞൻപിള്ള ജടാധാരിയായ ഒരു സന്യാസി ക്ഷേത്രത്തിലെത്തിയിരിക്കുന്നത് കണ്ടു. ആ സന്യാസിയുടെ ആദ്ധ്യാത്മിക തേജസ്സ് ഒരു ഗുരുവിനെ തേടുകയായിരുന്ന ചട്ടമ്പിയെ ഹഠാദാകർഷിച്ചു.

ചട്ടമ്പിക്ക് ആ സന്യാസിക്കൊപ്പം സഞ്ചരിച്ചാൽ കൊള്ളാമെന്ന് അതിയായ മോഹം തോന്നി. ഭിക്ഷാംദേഹിയായ ആ സന്യാസി ക്ഷേത്രദർശനത്തിനുശേഷം പുറത്തേക്കിറങ്ങവേ കുഞ്ഞൻ ചട്ടമ്പിയും ഒപ്പം കൂടി. ഒന്നും മിണ്ടാതെ ആ ഭിക്ഷുവിനെ അനുധാവനം ചെയ്തിരുന്ന കുഞ്ഞനെന്ന ബാലനെ ആ സന്യാസി കാണാതിരുന്നില്ല. കുറച്ചുദൂരം നടന്നപ്പോൾ അവർ ഒരു കാട്ടിലെത്തിച്ചേർന്നു. അപ്പോൾ സന്യാസി തിരിഞ്ഞുനിന്ന് കുഞ്ഞൻപിള്ളയോട് നീ എന്തിനാണ് എന്നെ പിന്തുടർന്നു

* തന്നെപ്പറ്റിയുള്ള അറിവ് (പരമാർത്ഥികമായ മോക്ഷജ്ഞാനം)

പോരുന്നതെന്നു ചോദിച്ചു. തനിക്ക് ആ സന്യാസിവര്യന്റെ കൂടെ വന്നാൽ കൊള്ളാമെന്നുണ്ടെന്നായിരുന്നു, ഭക്തിപാരവശ്യത്തോടെ കൈകൂപ്പിക്കൊണ്ട് ചട്ടമ്പി നൽകിയ മറുപടി.

ഇപ്പോൾ നീ എന്നെ പിന്തുടരേണ്ടതില്ലെന്നും അതിനുള്ള പ്രായമായിട്ടില്ലെന്നും തൽക്കാലം നിനക്ക് ഒരു മന്ത്രം ഉപദേശിച്ചു തരാമെന്നും ആ സന്യാസി കുഞ്ഞനോടു പറഞ്ഞു. ചട്ടമ്പി സ്വാമികളുടെ ആദ്യത്തെ ഗുരുവായിരുന്നു ഈ സന്യാസി. ബാലാമന്ത്രവും സുബ്രഹ്മണ്യമന്ത്രവും ചേർത്തുള്ള ബാലസുബ്രഹ്മണ്യ മന്ത്രമെന്ന മന്ത്രസംയുക്തമാണ് അന്ന് ആ സന്യാസി ചട്ടമ്പിക്ക് ഉപദേശിച്ചത്. ഈ മന്ത്രോപദേശത്തോടൊപ്പം ചില അനുഷ്ഠാനങ്ങളെക്കുറിച്ചും അദ്ദേഹം ചട്ടമ്പിസ്വാമികൾക്ക് ഉപദേശം നൽകി.

അതിനുശേഷം നിനക്ക് എല്ലാവിധ അനുഗ്രഹങ്ങളും ഇതിൽ നിന്ന് ലഭിച്ചുകൊള്ളുമെന്ന് പറഞ്ഞ് സന്യാസി യാത്രയായി. സ്വാമികൾ ഒരു സുബ്രഹ്മണ്യഭക്തനായതും ഷൺമുഖദാസൻ എന്ന പേര് സ്വീകരിച്ചതും അതുകൊണ്ടായിരുന്നു. 'ബാലാഹ്വൻ' എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. ബാലാമന്ത്രോപാസകനായതുകൊണ്ടായിരിക്കാം ഈ പേര് സ്വീകരിച്ചതെന്ന നിഗമനം നിലവിലുണ്ട്.

ചട്ടമ്പിസ്വാമികൾ ഈ ഭിക്ഷുവിനെ ഒരിക്കൽക്കൂടി കണ്ടിട്ടുണ്ട്. തനിക്കു സിദ്ധിച്ചതെല്ലാം ആ ഗുരുകടാക്ഷം കൊണ്ടാണെന്ന് അദ്ദേഹം കൂടെക്കൂടെ പറയാറുണ്ടായിരുന്നു. ഈ മന്ത്രം തന്നെ പിൽക്കാലത്ത് ശ്രീനാരായണ ഗുരുവടക്കമുള്ള മറ്റുപല ശിഷ്യന്മാർക്കും അദ്ദേഹം ഉപദേശിച്ചുകൊടുത്തിട്ടുണ്ട്. ശ്രീനാരായണ ഗുരുവും ഷൺമുഖോപാസകനായിരുന്നു.

ശ്രീനാരായണ ഗുരു ഈ മന്ത്രം പലപ്പോഴായി തന്റെ പല ശിഷ്യന്മാർക്കും ഉപദേശിച്ചിട്ടുണ്ടെന്നു കാണുന്നു. സാധാരണ മന്ത്രശാസ്ത്രത്തിൽ ഉൾപ്പെടുന്നതല്ല ഈ മന്ത്രമെന്നതാണ് ഏറെ ശ്രദ്ധേയമായ മറ്റൊരു കാര്യം.

# വിദ്യാഭ്യാസവും ജീവിതവൃത്തിയും

സന്ന്യാസിയാകണമെന്ന മോഹം നിലനിൽക്കുമ്പോഴും തന്റെ കുടുംബത്തെ എങ്ങനെ പോറ്റുമെന്ന ചോദ്യം കുഞ്ഞൻപിള്ള യുടെ മുന്നിൽ ഉയർന്നുവന്നു. വേദാന്തമുപദേശിച്ചാൽ സ്വന്തം അമ്മയുടെയും കൂടപ്പിറപ്പുകളുടെയും വിശപ്പു മാറ്റാനാവില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയുവാനുള്ള ഉല്പതിഷ്ണുത്വം കുഞ്ഞൻ പിള്ളയ്ക്കുണ്ടായിരുന്നു. വിശക്കുന്ന മനുഷ്യനുമുന്നിൽ വേദ മുപദേശിച്ചിട്ടു കാര്യമില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ട് കുഞ്ഞൻപിള്ള എന്തു ജോലി ചെയ്യാനും തയ്യാ റായി മുന്നോട്ടിറങ്ങി.

വിജ്ഞാനദാഹം ഉള്ളിൽ പെരുകുമ്പോഴും കഠിനമായ ശാരീ രികാദ്ധ്വാനം ആവശ്യമുള്ള കൂലിപ്പണി ചെയ്യുവാനായിരുന്നു ചട്ടമ്പിയുടെ നിയോഗം. ഈ കൂലിപ്പണിയെക്കുറിച്ച് അദ്ദേഹം രസകരമായ ഒരനുഭവം പറഞ്ഞിട്ടുണ്ട്. ഇന്നത്തെ കേരളഭരണ സിരാകേന്ദ്രമായ സെക്രട്ടറിയേറ്റിന്റെ നിർമ്മാണവേളയിൽ കല്ലും മണലും ചുമക്കുവാനുള്ള ഭാഗ്യം തനിക്കുണ്ടായെന്നും അതു കൊണ്ട് ഈ ഭരണസൗധത്തിന്റെ നിർമ്മാണപ്രക്രിയയിൽ താനും മോശമല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ടെന്നുമായിരുന്നു ആ നർമ്മരസം തുളുമ്പുന്ന അഭിപ്രായം.

എന്നാൽ ഈ കൂലിപ്പണിക്കാലം ഏറെ നീണ്ടുനിന്നില്ല. കൊല്ലൂർ അമ്മാവൻ എന്നറിയപ്പെട്ടിരുന്ന കൊല്ലൂർ കൃഷ്ണ പിള്ള ഇദ്ദേഹത്തിന്റെ അർദ്ധസഹോദരനായിരുന്നു. ചട്ടമ്പി സ്വാമികളെക്കാൾ രണ്ടുവയസ്സിനു മുതിർന്ന ആളായിരുന്നു കൊല്ലൂർ കൃഷ്ണപിള്ള. നെയ്യാറ്റിൻകരയിലും ഭൂതപ്പാണ്ടിയിലും

ആധാരമെഴുത്തായിരുന്നു കൃഷ്ണപിള്ളയുടെ ജോലി. കൃഷ്ണപിള്ള അനുജനായ ചട്ടമ്പിയെ തനിക്കൊപ്പം ആധാരമെഴുത്തിന് കൊണ്ടുപോയി.

ആധാരമെഴുത്തിന് കൃത്യമായ വരുമാനമില്ലായിരുന്നു. ജോലിയുണ്ടെങ്കിൽ മാത്രമായിരുന്നു പ്രതിഫലം. സർക്കാർ ജോലി പോലെ സ്ഥിരവരുമാനമുണ്ടായിരുന്നില്ല. ഒരു ആധാരമെഴുതിയാൽ ഒരു പണം പ്രതിഫലം.

അക്കാലത്ത് നെയ്യാറ്റിൻകരയിലെ രജിസ്ട്രേഷൻ ഇൻസ്പെക്ടറായിരുന്ന ഷൺമുഖ സുന്ദരംപിള്ളക്ക് കുഞ്ഞൻ ചട്ടമ്പിയുടെ കൈപ്പട കണ്ട് വലിയ ഇഷ്ടംതോന്നി. പേരുപോലെതന്നെ ഷൺമുഖ സുന്ദരംപിള്ള ഒരു ഷൺമുഖോപാസകനായിരുന്നു. കുഞ്ഞൻപിള്ളയും സുബ്രഹ്മണ്യോപാസകനായിരുന്നു.

കൃഷ്ണപിള്ളയുടെ കൂടെ ആദ്യദിവസം ആധാരമെഴുതിയ വകയിൽ കുഞ്ഞന് എട്ട് പണം പ്രതിഫലം കിട്ടി! അക്കാലത്ത് ഇത് വലിയ തുകയായിരുന്നു. കിട്ടുന്ന പണം മുഴുവനും അമ്മയ്ക്കയച്ചുകൊടുക്കുകയായിരുന്നു കുഞ്ഞന്റെ പതിവ്.

വേദാന്തത്തിൽ താല്പര്യമുള്ളയാളായിരുന്നു ഷൺമുഖ സുന്ദരംപിള്ള. അദ്ദേഹത്തിന് കുഞ്ഞന്റെ മനോഹരമായ കയ്യെഴുത്ത് മാത്രമല്ല ജീവിതശൈലിയും ഇഷ്ടപ്പെട്ടു. സവിശേഷമായി ഒരു സാത്വികത്വം അദ്ദേഹം ആ കൗമാരക്കാരനിൽ കണ്ടു. അതുകൊണ്ട് അദ്ദേഹം കുഞ്ഞന് ഒരു സൗജന്യം ചെയ്യുവാൻ തീരുമാനിച്ചു.

ആധാരമെഴുത്തുണ്ടായാലും ഇല്ലെങ്കിലും കുഞ്ഞൻപിള്ളയ്ക്ക് എട്ടുചക്രം രജിസ്ട്രാപ്പീസിൽനിന്ന് നൽകണമെന്ന് ഷൺമുഖ സുന്ദരംപിള്ള ഉത്തരവിട്ടു. പക്ഷേ ഈ സൗജന്യം പറ്റി ആധാരം എഴുതാതിരിക്കുവാനൊന്നും കുഞ്ഞൻപിള്ള തയ്യാറില്ലായിരുന്നു. ചില ആധാരം എഴുത്തുകാർക്ക് ചില ദിവസം ആധാരമെഴുതാൻ കിട്ടിയില്ലെന്നു വരും. കുഞ്ഞൻപിള്ളയ്ക്ക് ദിവസാവസാനം എട്ടു ചക്രം കിട്ടിക്കഴിഞ്ഞാൽ അതിൽനിന്ന് രണ്ടു ചക്രമെടുത്ത് ഒരു കാശും കിട്ടാത്ത സഹപ്രവർത്തകർക്ക് നൽകുമായിരുന്നു.

കൊല്ലൂർ കൃഷ്ണപിള്ളയ്ക്ക് ചട്ടമ്പിയുടെ ഈ നടപടിയോട് ഒട്ടും താല്പര്യം തോന്നിയിരുന്നില്ല. അതിന് കുഞ്ഞൻ ചിരിച്ചു കൊണ്ട് ഇങ്ങനെ പറയുമായിരുന്നു: "അവരുടെ പട്ടിണി നമ്മുടെ പട്ടിണി പോലെത്തന്നെയല്ലേ." എന്നിട്ട് ഗുരുത്വദോഷമില്ലാതിരിക്കുവാൻ ചട്ടമ്പി ജ്യേഷ്ഠന്റെ കാലിൽ തൊട്ടുതൊഴും.

ഭയമെന്നുള്ളത് കുഞ്ഞൻപിള്ളയ്ക്ക് അന്യമായിരുന്നു. ഭൂതപ്പാണ്ടിയിൽ അധികകാലമൊന്നും കുഞ്ഞൻപിള്ള താമസിക്കുകയുണ്ടായില്ല. അവിടെ അക്കാലത്ത് അതിശക്തമായി വീശിയിരുന്ന ഒരുതരം കാറ്റ് അദ്ദേഹത്തിന് സഹിക്കാവതല്ലായിരുന്നു. അതിനാൽ കൃഷ്ണപിള്ള അനുജൻ നെയ്യാറ്റിൻകര പോയി താമസിക്കുവാനുള്ള ഏർപ്പാടുണ്ടാക്കി.

തിരുവനന്തപുരത്തു ചെന്നാൽ അനുജൻ വേദാന്തവും ഗുസ്തിയും ഒക്കെയായി അലഞ്ഞ് തിരിഞ്ഞ് നടക്കുമെന്ന ഭയമാണ് കൃഷ്ണപിള്ളയെ അനുജനെ നെയ്യാറ്റിൻകരയിൽ താമസിക്കുവാൻ നിർബ്ബന്ധിതനാക്കിയത്. അക്കാലത്ത് രാത്രിയിൽ ഭൂതപ്പാണ്ടിയിൽനിന്ന് നെയ്യാറ്റിൻകര വരെ ആരും ഒറ്റയ്ക്കു നടക്കുക പതിവില്ലായിരുന്നു. കൃഷ്ണപിള്ളയുടെ തടസ്സം വകവയ്ക്കാതെ കുഞ്ഞൻപിള്ള രാത്രിയിൽ ഒറ്റയ്ക്ക് നെയ്യാറ്റിൻകര വരെ നടന്നു. പിൽക്കാലത്ത് രാത്രിയിൽ യാത്ര ചെയ്യുവാനായിരുന്നു ചട്ടമ്പിക്ക് ഇഷ്ടം.

ഭൂതപ്പാണ്ടിയിൽ താമസിക്കുന്ന കാലത്താണ് അദ്ദേഹം തമിഴ് ഭാഷ പഠിച്ചത്. തമിഴിലെ പല കയ്യെഴുത്തുപ്രതികളും ഇവിടെ വെച്ച് അദ്ദേഹം വായിക്കുകയുണ്ടായി. ഇത് അദ്ദേഹത്തിന്റെ സർഗ്ഗധാരയെ കാര്യമായി സ്വാധീനിച്ചതായി പിൽക്കാലത്തെ അദ്ദേഹത്തിന്റെ കാവ്യസംഭാവനകളിൽനിന്ന് വ്യക്തമാണ്.

ആധാരമെഴുത്തു ജോലി വല്ലാതെ മുഷിഞ്ഞപ്പോൾ കുഞ്ഞൻപിള്ള ആദ്ധ്യാത്മികചിന്തകളിലേക്ക് വലിയുന്നതുപോലെ കാണപ്പെട്ടു. അങ്ങനെയൊരു ജീവിതം അദ്ദേഹം സങ്കല്പിച്ചുവെന്നു വേണം കരുതാൻ.

നെയ്യാറ്റിൻകരയിലും ഭൂതപ്പാണ്ടിയിലുമുള്ള ജോലി ഇനി വയ്യെന്നു നിശ്ചയിച്ച ചട്ടമ്പി തന്റെ മനസ്സിനിഷ്ടപ്പെട്ട മറ്റന്തെങ്കിലും പ്രവർത്തനമേഖലയെക്കുറിച്ച് ഗൗരവത്തോടെ ആലോചിക്കുവാൻ തുടങ്ങി. മനസ്സ് ഇത്തരം ചിന്തകളാൽ അസ്വസ്ഥമായതോടെ കുഞ്ഞൻപിള്ള തിരുവനന്തപുരത്തെ വീട്ടിലേക്കു മടങ്ങി. അവിടെ കുഞ്ഞൻപിള്ളയെ സ്വാഗതം ചെയ്തത് കടുത്ത ദാരിദ്ര്യമായിരുന്നു.

ഈ അവസരത്തിലാണ് കുഞ്ഞൻപിള്ള സർക്കാർ ജീവനത്തിൽ പ്രവേശിക്കുന്നത്. രാജാ സർ ടി. മാധവരായർ ആയിരുന്നു അന്ന് തിരുവിതാംകൂർ ദിവാൻ. അദ്ദേഹം സെക്രട്ടറിയേറ്റിൽ (അന്ന് ഹജൂർ കച്ചേരി) പല ഭരണപരിഷ്കാരങ്ങളും കൊണ്ടുവന്നു. കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിന് പുതിയൊരു സംവിധാനം കൊണ്ടുവരുവാൻ അദ്ദേഹം നിശ്ചയിച്ചു.

അതിനായി കുറെ ഗുമസ്തന്മാരെ, അന്നത്തെ ഭാഷയിൽ പറഞ്ഞാൽ കണക്കെഴുത്തുപിള്ളമാരെ നിയമിക്കുവാൻ ദിവാൻ തീരുമാനിച്ചു. അതിനായി അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ പരിശോധിച്ച ശേഷം ഒരു പ്രവേശനപരീക്ഷ നടത്തുവാൻ അദ്ദേഹം നിശ്ചയിച്ചു. അവർക്കെല്ലാം കണക്കുമായി ബന്ധപ്പെട്ട അല്പം പ്രയാസമുള്ള ഓരോ ചോദ്യം നൽകുകയും പിറ്റേ ദിവസം വരുമ്പോൾ അതിന്റെ ഉത്തരം എഴുതി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പിറ്റേദിവസം എല്ലാവരും കണക്കിനുള്ള ശരി ഉത്തരം സമർപ്പിച്ചു.

വീണ്ടും ചോദ്യങ്ങൾ നല്കിയപ്പോൾ അതിനെല്ലാം ശരിയുത്തരം അപേക്ഷകർ സമർപ്പിച്ചു. ദിവാൻ മാധവരായർക്ക് ഇതിലെവിടെയോ പാകപ്പിഴ സംഭവിച്ചിട്ടുണ്ടെന്ന് സംശയംതോന്നി. ആരെങ്കിലും ഈ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞുകൊടുത്തിരിക്കാം എന്ന് അദ്ദേഹം സംശയിച്ചു. ദിവാൻ അപേക്ഷകരെ ഓരോരുത്തരെയായി വിളിച്ച് കഠിനമായ ഭാഷയിൽ അല്പം ഭീഷണി കലർത്തി ചോദ്യം ചെയ്തപ്പോൾ ആ രഹസ്യം മറനീക്കി പുറത്തുവന്നു.

'കുഞ്ഞൻപിള്ള ചട്ടമ്പി'എന്ന ആളാണ് ഇതിനെല്ലാം ഉത്തരം പറഞ്ഞുതന്നതെന്ന് അവർ ദിവാൻജി സമക്ഷം ബോധിപ്പിച്ചു. ചട്ടമ്പി കുഞ്ഞൻപിള്ളയെ തന്റെ മുന്നിൽ ഹാജരാക്കുവാൻ ദിവാൻ ഉത്തരവായി. ദിവാന്റെ മുന്നിൽ ഹാജരായ കുഞ്ഞൻ പിള്ളയോട് താൻ നൽകുന്ന ഏതു ഗണിതപ്രശ്നത്തിനും ഉത്തരം നൽകുവാൻ കഴിയുമോ എന്ന വെല്ലുവിളി ദിവാൻ മുന്നോട്ടുവെച്ചു. ശ്രമിച്ചുനോക്കാം എന്നായിരുന്നു ചട്ടമ്പിസ്വാമി യുടെ മറുപടി.

ദിവാൻ തത്സമയം ബുദ്ധിമുട്ടേറിയ ഒരു കണക്കു ചോദ്യം ചട്ടമ്പിയുടെ മുന്നിലേക്ക് വെച്ചുകൊടുത്തു. കൈവിരലുകൾ കൊണ്ട് എണ്ണം പിടിച്ച് ചട്ടമ്പിപിള്ള അതിന് കൃത്യമായ ഉത്തരം നൽകി. കുഞ്ഞൻപിള്ളയുടെ ഈ പ്രകടനം ദിവാനെ അതിശയി പ്പിച്ചു എന്ന് പറയേണ്ടതില്ല. മാസം നാലുരൂപാ ശമ്പളത്തിന് കുഞ്ഞൻപിള്ളയെന്ന ചട്ടമ്പിസ്വാമിയെ ദിവാൻ കണക്കെ ഴുത്തുപിള്ളയായി നിയമിച്ചു.

മാസാവസാനം കുഞ്ഞൻപിള്ളയ്ക്ക് രാജാ സർ മാധവരായർ നേരിട്ടെത്തി ശമ്പളം നൽകി. ആ ശമ്പളം പക്ഷേ നേരത്തെ പറ ഞ്ഞതിലും കൂടുതലുണ്ടായിരുന്നു. പത്ത് രൂപാ! അന്നത് വളരെ വലിയ സംഖ്യയായിരുന്നു. എന്നാൽ തനിക്കർഹതപ്പെട്ട നേരത്തെ നിശ്ചയിക്കപ്പെട്ട ശമ്പളം മാത്രമേ തനിക്കാവശ്യമുള്ളൂ എന്ന് പറഞ്ഞുകൊണ്ട് കുഞ്ഞൻപിള്ള അധികം നൽകപ്പെട്ട ആറ് രൂപ ദിവാന് മടക്കിനൽകി. പത്തുരൂപാ മുഴുവനും വാങ്ങണ മെന്ന് ദിവാൻ നിർബന്ധിച്ചുവെങ്കിലും കുഞ്ഞൻപിള്ള വഴങ്ങി യില്ല. തനിക്ക് ശമ്പളം കിട്ടിയ നാലുരൂപാ അദ്ദേഹം വീട്ടിലേ ല്പിച്ചു.

ത്രിവിക്രമൻ തമ്പി എന്ന പരാക്രമിയായ ഒരു തഹസിൽദാ രുടെ കീഴിലാണ് കുഞ്ഞൻപിള്ളയെ കണക്കെഴുത്തിന് നിയോ ഗിച്ചത്. കേരളവർമ്മ വലിയ കോയിത്തമ്പുരാനെ അന്നത്തെ മഹാരാജാവിന്റെ കല്പനയനുസരിച്ച് അറസ്റ്റ് ചെയ്ത് നാടു കടത്തി തന്റെ പരാക്രമം തെളിയിച്ചയാളാണ് ത്രിവിക്രമൻ തമ്പി.

ഒരത്യാവശ്യഘട്ടത്തിൽ കുഞ്ഞൻപിള്ള കുറച്ചു ദിവസത്തെ അവധിക്കായി അപേക്ഷ സമർപ്പിച്ചു. എന്നാൽ ത്രിവിക്രമൻ തമ്പി അവധി അനുവദിച്ചുകൊടുത്തില്ല.

തനിക്ക് എന്തായാലും അവധി കിട്ടിയേ തീരൂ എന്ന് ചട്ടമ്പി പിള്ള ശാഠ്യം പിടിച്ചപ്പോൾ തമ്പിയിലെ സർവ്വാധികാരി സട കുടഞ്ഞെഴുന്നേറ്റു. നാളെ താൻ ഓഫീസിൽ വരുമ്പോൾ കണക്കെഴുത്തുപിള്ള ഹാജരുണ്ടായിരിക്കണമെന്ന് തമ്പി ആക്രോശിച്ചു. "ഞാൻ ഇനി എപ്പോൾ ഇവിടെ വന്നിരിക്കുമോ അപ്പോൾ എന്നെ നോക്കണം" എന്നായിരുന്നു ചട്ടമ്പിയുടെ മറുപടി. ഈ സംവാദത്തോടെ തമ്പിയും ചട്ടമ്പിയും പിണങ്ങിപ്പിരിഞ്ഞു. ചട്ടമ്പിസ്വാമികളുടെ അവസാന ഉദ്യോഗമായിരുന്നു അത്. പിറ്റേന്നുതന്നെ ചട്ടമ്പി ഹജൂർ കച്ചേരി വിട്ടു.

ഈ കാലഘട്ടത്തിലാണ് തിരുമധുരപ്പേട്ട (ഇന്നത്തെ പേട്ട) രാമൻപിള്ള ആശാന്റെ ഉത്സാഹത്തിൽ തിരുവനന്തപുരത്തെ സഹൃദയരായ ചെറുപ്പക്കാർ ചേർന്ന് 'ജ്ഞാനപ്രജാഗരം' എന്ന പേരിൽ ഒരു സമാജം ആരംഭിക്കുന്നത്. വിജ്ഞാനദാഹികളും ജ്ഞാനാന്വേഷികളുമായ യുവാക്കൾക്ക് ഈ സമാജം ഒരു സംഗമവേദിയും അഭയകേന്ദ്രവുമായിത്തീർന്നു. മതപ്രബോധന സംബന്ധമായ വാദപ്രതിവാദങ്ങളും സംഗീതപാഠങ്ങളും വേദാന്ത പ്രഭാഷണങ്ങളും ഈ സമാജത്തിൽ പതിവായി സംഘടിപ്പിക്കപ്പെട്ടിരുന്നു. കുഞ്ഞൻപിള്ളയും ഈ സമാജത്തിൽ ചെന്നുപറ്റി.

ജോലിയിൽനിന്നു വിട്ടുപോന്നതിനാൽ കുഞ്ഞൻപിള്ളയ്ക്ക് ഇതൊരു അത്താണിയായി. പിൽക്കാലത്ത് തിരുവനന്തപുരത്തെ പേരെടുത്ത പ്രൊഫസർ ആയിരുന്ന സുന്ദരംപിള്ള അന്ന് ഒരു കോളേജ് വിദ്യാർത്ഥിയായിരുന്നു. സമാജത്തിലെ വാദപ്രതിവാദങ്ങളിൽ സുന്ദരംപിള്ള സജീവമായി പങ്കെടുത്തിരുന്നു. വിവാദങ്ങളോട് എന്നും താല്പര്യം കാണിച്ചിരുന്ന കുഞ്ഞൻപിള്ളക്ക് ഈ സമാജം ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള ഒരു വേദിയായിത്തീർന്നുവെന്നുവേണം അനുമാനിക്കുവാൻ.

വാദപ്രതിവാദങ്ങൾക്കിടെ സുന്ദരംപിള്ളയും മറ്റു യുവസുഹൃത്തുക്കളും ഇംഗ്ലീഷിലുള്ള തത്ത്വശാസ്ത്രഗ്രന്ഥങ്ങളെക്കുറിച്ചും ഗ്രന്ഥകാരന്മാരെക്കുറിച്ചും പറയുമ്പോൾ കുഞ്ഞൻപിള്ള അതെല്ലാം നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തിവെക്കുമായിരുന്നു. സൽസംഗമാണ് വിദ്യ അഭ്യസിക്കുവാൻ ഏറ്റവും മികച്ച ഉപാധിയെന്ന് കുഞ്ഞൻപിള്ളയ്ക്ക് അനുഭവവേദ്യമായത് ഈ സമാജത്തിലെ ചർച്ചകളിൽ നിന്നാണ്.

അന്നത്തെ റെസിഡൻസി മാനേജരായിരുന്ന തൈക്കാട് അയ്യാവു സ്വാമി പണ്ഡിതനും മാന്യനുമായിരുന്നു. അദ്ദേഹം ഇടയ്ക്കിടെ ജ്ഞാന പ്രജാഗരത്തിൽ വന്ന് വേദാന്ത വ്യവഹാരം നടത്തിയിരുന്നു. അയ്യാവു സ്വാമിയുടെ വേദാന്തത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ സമാജത്തിൽ സമ്മേളിച്ചിരുന്ന വിചാരശീലന്മാരായ സഹൃദയർക്ക് ഉന്മേഷവും ഊർജ്ജസ്വലതയും പകർന്നു. വേദാന്തത്തിനു പുറമെ അയ്യാവു സ്വാമിക്ക് ഹഠയോഗവിദ്യയും അറിയാമായിരുന്നു.

ചട്ടമ്പിയെപ്പോലെ സുബ്രഹ്മണ്യോപാസകൻ കൂടിയായിരുന്നു അയ്യാവു സ്വാമി. ഇപ്രകാരം ഹഠയോഗിയും ഷൺമുഖോപാസകനുമായിരുന്ന അയ്യാവു സ്വാമിയുമായുള്ള സമ്പർക്കം യോഗ



തൈക്കാട് അയ്യാവു സ്വാമി

മാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്നതിന് ചട്ടമ്പിപിള്ളയ്ക്ക് അവസരം നൽകി. ശ്രീനാരായണഗുരുവും അയ്യാവു സ്വാമിയിൽനിന്ന് യോഗവിദ്യയെക്കുറിച്ച് ചില കാര്യങ്ങൾ പരിശീലിച്ചെടുത്തതായി തിരുമധുരപ്പേട്ട രാമൻപിള്ള ആശാന്റെ ഒരു കുറിപ്പിൽ പറയുന്നുണ്ട്.

അയ്യാവു സ്വാമിയെ സമീപിച്ച് യോഗാഭ്യാസമുറകളിൽ പ്രായോഗിക പരിശീലനം തനിക്കു നൽകുമാറാകണമെന്നും കുഞ്ഞൻപിള്ള അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് അദ്ദേഹത്തിൽനിന്ന് പ്രായോഗിക പരിശീലനം ചട്ടമ്പിക്കു ലഭിച്ചു.

തമിഴിലെ വേദചിന്താരീതിയെക്കുറിച്ചുള്ള പ്രാഥമിക ജ്ഞാനമാർജ്ജിക്കുവാൻ അയ്യാവു സ്വാമിയുമായുള്ള സമ്പർക്കം കുഞ്ഞൻപിള്ളയെ സഹായിച്ചു. നിരന്തരമായ യോഗാഭ്യാസം കൊണ്ട് കുഞ്ഞൻപിള്ളയ്ക്ക് നല്ല മെയ്വഴക്കം സിദ്ധിച്ചു.

ഈ മെയ്വഴക്കത്തിന്റെ ഫലമായി ഏത് ആസനവും അവതരിപ്പിക്കുവാനുള്ള അനാദൃശമായ പാടവം കുഞ്ഞൻപിള്ളയ്ക്ക് കൈവന്നു. ദിവസങ്ങൾ പിന്നിടുന്തോറും അതീവ ലാഘവത്തോടെ അനായാസമായി അദ്ദേഹം ആസനമുറകൾ കാണിച്ചു. യോഗവിദ്യക്കു പുറമെ ചില തമിഴ് ഗ്രന്ഥങ്ങൾ വായിച്ച് ഗുസ്തിയെക്കുറിച്ചുള്ള പല സങ്കേതങ്ങളും അദ്ദേഹം കണ്ടെത്തിയിരുന്നു.

കൊല്ലൂർ കൃഷ്ണപിള്ളയോടൊപ്പം ആധാരമെഴുത്തിനായി നെയ്യാറ്റിൻകരയിലും ഭൂതപ്പാണ്ടിയിലും താമസിച്ചിരുന്ന കാലം മുതൽ തമിഴ് ഭാഷയോടും ഗ്രന്ഥങ്ങളോടും സവിശേഷമായ ഒരു പ്രതിപത്തി കുഞ്ഞൻപിള്ളയിൽ അങ്കുരിച്ചിരുന്നു. തമിഴ് ഭാഷാപഠനം എങ്ങനെ കൂടുതൽ ഗൗരവതരമാക്കീടാം എന്നായിരുന്നു ചട്ടമ്പി ഗാഢമായി ആലോചിച്ചത്. തമിഴിലെ തിളക്കവും പഴക്കവുമുള്ള ഗ്രന്ഥങ്ങൾ കൊടും തമിഴിലായിരുന്നു രചിക്കപ്പെട്ടിരുന്നത്.

അതുകൊണ്ട് ആ ഗ്രന്ഥങ്ങളിലേക്കു പ്രവേശിക്കണമെങ്കിൽ കെട്ടുറപ്പുള്ള വ്യാകരണ പരിജ്ഞാനം അത്യന്താപേക്ഷിതമാ

യിരുന്നു. ഈ പരിജ്ഞാനമാർജ്ജിക്കുവാനായി ഒരു തമിഴ് ഭാഷാ പണ്ഡിതന്റെ സഹായം അനിവാര്യമായിരുന്നു. അക്കാലത്ത് തിരുവനന്തപുരത്തെ തമിഴ് ഭാഷാപണ്ഡിതനും കോളേജ് അദ്ധ്യാപകനുമായിരുന്ന സ്വാമിനാഥ ദേശികരെ ചട്ടമ്പിപിള്ള തന്റെ ആഗ്രഹം അറിയിച്ചു.

സ്വാമിനാഥ ദേശികരും രാമൻപിള്ളയാശാന്റെ ജ്ഞാനപ്രജാഗരത്തിലെ ആഹ്ലാദകരവും വിജ്ഞാനപ്രദവുമായ സംവാദങ്ങളിൽ ചിലപ്പോഴെല്ലാം പങ്കുകൊണ്ടിരുന്നു. ഉൽക്കർഷേച്ഛുവായ ആ യുവാവിനെ നിരാശപ്പെടുത്തുവാനുള്ള ഹൃദയശൂന്യത അദ്ദേഹത്തിനുണ്ടായിരുന്നില്ല. ദേശികരുടെ മഠത്തിൽ ചെന്നുകൊള്ളുവാൻ കുഞ്ഞൻപിള്ളയ്ക്ക് അനുവാദം ലഭിച്ചു.

തമിഴ് വ്യാകരണത്തിന്റെ അടിസ്ഥാനശിലകളിലൊന്നായ 'ഇലക്കണശാസ്ത്രം' ദേശികർ ചട്ടമ്പിക്ക് വിശദമായി ഉപദേശിച്ചുകൊടുത്തു. ചട്ടമ്പിയുടെ ഉജ്ജ്വലമായ പ്രതിഭയിൽ അത് തെളിഞ്ഞുകൊണ്ടിരുന്നു. തമിഴിലെ ശാസ്ത്രഗ്രന്ഥങ്ങളും പുരാണങ്ങൾ, വേദാന്തം എന്നിവയിലെ പ്രൗഢഗ്രന്ഥങ്ങളും ചട്ടമ്പിയുടെ ബൗദ്ധികമണ്ഡലത്തെ വല്ലാതെ ആകർഷിച്ചു.

ഈ ഗ്രന്ഥങ്ങളിൽ അഗാധമായ പരിജ്ഞാനമാർജ്ജിക്കുവാൻ കുഞ്ഞൻപിള്ള ചട്ടമ്പിക്ക് അധികകാലം വേണ്ടിവന്നില്ല. ആത്മജ്ഞാനത്തെ ജ്വലിപ്പിച്ചെടുക്കുവാനും ഉത്തേജിപ്പിക്കുവാനുമുള്ള ചട്ടമ്പിയുടെ ഔത്സുക്യം ആ യുവാവിനെ സ്വാമിനാഥ ദേശികരുടെ സ്നേഹഭാജനമാക്കി തീർത്തു.

ഇലക്കണവും മറ്റ് ശാസ്ത്രഗ്രന്ഥങ്ങളും വിശദമായി പാരായണം ചെയ്തതോടെ സർവ്വ വിജ്ഞാനങ്ങളുടെയും പ്രഭവസ്ഥാനം തമിഴ് ഭാഷയാണെന്ന വിശ്വാസത്തിൽ അധിഷ്ഠിതമായിത്തീർന്നു ചട്ടമ്പിയുടെ മനസ്സ്. അതുകൊണ്ട് ആ ഭാഷ മഥനം ചെയ്ത്, മനനം ചെയ്ത് കറ കളഞ്ഞ വിജ്ഞാനത്തിന്റെ അമൃത് നേടിയെടുക്കുവാനായിരുന്നു ചട്ടമ്പിയുടെ അടുത്ത ശ്രമം.

ഈശ്വരമഹിമയെ പ്രകീർത്തിക്കുന്ന തിരുക്കുറൾ മഹാകാവ്യവും കമ്പർ, പട്ടണത്തു പിള്ളയാർ, നക്കീരർ തുടങ്ങിയ

കവിവര്യന്മാരുടെ കാവ്യങ്ങളും അതിമനോഹരമായി ശ്രവണ പീയൂഷമാകുംവിധം വ്യാഖ്യാനിക്കുവാൻ ചട്ടമ്പിക്ക് ഒട്ടും ക്ലേശ മനുഭവപ്പെട്ടില്ല. വേദാന്തത്തിന്റെ മനോജ്ഞമായ ശീലുകൾ സ്വയം ആലപിച്ചാലപിച്ച് കുഞ്ഞൻപിള്ള ചട്ടമ്പി മതിമറന്ന് തുള്ളിക്കളിച്ചിട്ടുണ്ട്.

ദ്രാവിഡത്തനിമയുടെയും സംസ്കൃതിയുടെയും ഭാവഗൗര വവും ബാഹ്യസൗന്ദര്യവും അതിമനോജ്ഞമായി അന്തരംഗ ത്തിൽ സമന്വയിച്ചതോടെ ആ അമൂല്യവിഭവങ്ങളുടെ കേദാര ഭൂമിയായ തമിഴകത്തേക്ക് വിദ്യഭ്യാസലക്ഷ്യത്തോടെ ഒരു തീർത്ഥയാത്ര നടത്തിയാൽ നല്ലതായിരിക്കുമെന്ന് കുഞ്ഞൻ പിള്ളയ്ക്കു തോന്നി. തന്റെ അഭിലാഷം ദേശികർക്കു മുമ്പാകെ അവതരിപ്പിച്ചു. അനുയോജ്യമായ ഒരു സാഹചര്യം ഒത്തുകിട്ടി യാൽ യഥാവിധി ആരെയെങ്കിലും കൂട്ടി തമിഴകത്തേക്ക് യാത്ര ചെയ്‌വാനുള്ള അവസരമൊരുക്കി നൽകാമെന്ന് ദേശികർ ശിഷ്യനോട് പറഞ്ഞു.

വൈകാതെതന്നെ ചട്ടമ്പിക്ക് തന്റെ ആഗ്രഹപൂർത്തിക്കുള്ള അവസരമൊരുങ്ങി. നവരാത്രി ഉൽസവത്തോടനുബന്ധിച്ചുള്ള വിദ്വൽസദസ്സിൽ പങ്കുകൊള്ളുവാനായി സുബ്ബാ ജടാപാഠി എന്നൊരു മഹാപണ്ഡിതൻ തിരുവനന്തപുരത്തു വന്നു. വേദ വേദാന്തപാരംഗതനും അപാരജ്ഞാനിയുമായ സുബ്ബാ ജടാപാഠി കൾ ആദ്യമായിട്ടായിരുന്നു നവരാത്രി വിദ്വൽസദസ്സിൽ പങ്കെടു ക്കാനെത്തിയത്.

തർക്കത്തിനും വേദാന്ത പ്രഭാഷണങ്ങൾക്കുമായി മഹാവിദ്വാ ന്മാർ സമ്മേളിക്കുന്നത് നേരിൽ കാണുവാനും കേൾക്കുവാനും വിജ്ഞാന ജിജ്ഞാസുക്കളായ ചെറുപ്പക്കാർക്ക് അവസരം ലഭിച്ചു. സ്വാമിനാഥദേശികർക്കൊപ്പം വിദ്വൽസദസ്സിന്റെ ഒരറ്റ ത്തായി കുഞ്ഞൻപിള്ളയും നിൽപ്പുണ്ടായിരുന്നു. സുബ്ബാ ജടാപാഠിയുടെ ആകർഷകമായ വാഗ്‌വിലാസവും മനോധർമ്മ പ്രയോഗങ്ങളിലുള്ള മികവും കുഞ്ഞൻപിള്ളയെ ഹഠാദാകർ ഷിച്ചു.

സ്വാമിനാഥ ദേശികർക്ക് സുബ്ബാ ജടാപാഠിയെ മുമ്പ് പരിചയമുണ്ടായിരുന്നു. ദേശികർ മുഖേന ചട്ടമ്പി ആ മഹാപണ്ഡിതനുമായി പരിചയപ്പെട്ടു. പ്രഥമ ദൃഷ്ടിയിൽതന്നെ കുഞ്ഞൻപിള്ളയുടെ മേധാശക്തിയും വിനയവും എളിമയും ജടാപാഠിയെ ആകർഷിച്ചു. ദീർഘനേരം സംസാരിച്ചുകഴിഞ്ഞപ്പോൾ ജടാപാഠിക്ക് കുഞ്ഞൻപിള്ളയോട് പുത്രനിർവ്വിശേഷമായ വാത്സല്യം തോന്നി.

നവരാത്രിയുത്സവം കഴിഞ്ഞ് തിരികെ പോകാൻ നേരം തന്റെ സ്വദേശമായ കല്ലടക്കുറിച്ചിയിലേക്ക് പോരുന്നോ എന്ന് ആ മഹാപണ്ഡിതൻ ചട്ടമ്പിയോട് ചോദിച്ചു. ആ ചോദ്യം കേട്ടതും കുഞ്ഞൻപിള്ള കൈകൂപ്പി അദ്ദേഹത്തെ തൊഴുതു. കുഞ്ഞന്റെ കണ്ണിൽനിന്ന് ആനന്ദാശ്രുക്കൾ ഒഴുകിയിറങ്ങി. സ്വാമിനാഥ ദേശികരുടെ ആശീർവാദത്തോടെ കുഞ്ഞൻപിള്ള ജടാപാഠിക്കൊപ്പം യാത്രതിരിച്ചു.

സുബ്ബാ ജടാപാഠികളുമായുള്ള സംഗമം ചട്ടമ്പിയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട വഴിത്തിരിവായിരുന്നു. 'സുബ്ബാ ജടാവല്ലഭർ' എന്ന പേരിലാണ് ജടാപാഠികൾ സ്വദേശമായ കല്ലടക്കുറിച്ചിയിൽ അറിയപ്പെട്ടിരുന്നത്. 'ജടാ വല്ലഭർ' എന്നറിയപ്പെട്ടിരുന്ന കുടുംബം ആന്ധ്രയിൽനിന്ന് തമിഴ്നാട്ടിലെ കല്ലടക്കുറിച്ചിയിൽ എത്തിയതുമുതൽ ദക്ഷിണേന്ത്യയിലെ പുകൾപെറ്റ പണ്ഡിതന്മാരുടെ കേന്ദ്രമായി ആ സ്ഥലം. വേദം, വേദാന്തം, തർക്കം, വ്യാകരണം എന്നീ ശാസ്ത്രങ്ങളിൽ ജടാവല്ലഭരോട് കിടപിടിക്കുവാൻതക്ക പാണ്ഡിത്യമുള്ളവർ തമിഴ്നാട്ടിൽതന്നെ ഉണ്ടായിരുന്നില്ല.

ലൗകിക വ്യവഹാരാദികളിൽ പ്രാവീണ്യം നേടിയ പ്രഗത്ഭമതികളായ ധാരാളമാളുകൾ ജടാപാഠിയുടെ മഠത്തിൽ ഇടതടവില്ലാതെ വന്നു പോയ്ക്കൊണ്ടിരുന്നു. ആധികാരികവും ശാസ്ത്രീയവുമായ വാദപ്രതിവാദങ്ങൾകൊണ്ട് സദാ മുഖരിതമായ ആ ഗൃഹപരിസരം കുഞ്ഞൻപിള്ളയിൽ വികസിച്ചുകൊണ്ടിരുന്ന സാംസ്കാരിക പ്രതികരണങ്ങൾക്ക് വളമേകി. തമിഴിലും

സംസ്കൃതത്തിലുമുള്ള എല്ലാവിധ ശാസ്ത്രങ്ങളിലും അഗാധമായ പരിജ്ഞാനം കുഞ്ഞൻ ചട്ടമ്പി നേടിയത് കല്ലടക്കുറിച്ചിയിൽനിന്നാണ്.

കല്ലടക്കുറിച്ചിയിലെ താമസമാണ് ചട്ടമ്പിയുടെ ശ്രേയസ്കരമായ ഭാവിയുടെ ശക്തമായ അസ്തിവാരമുറപ്പിച്ചത്. സുബ്ബാ ജടാപാഠികളുടെ അനുയായിയായി അദ്ദേഹത്തിന്റെ വസതിയിൽ നാലുവർഷത്തോളം താമസിച്ചപ്പോൾ തന്റെ ഉള്ളിലുറങ്ങിക്കിടന്നിരുന്ന സഹജമായ വാസനയെ വികസിപ്പിക്കുവാൻ കുഞ്ഞൻ പിള്ളയ്ക്കു കഴിഞ്ഞു. ശിഷ്യന്റെ പ്രതിഭാജ്വാലയും വിജ്ഞാന തൃഷ്ണയും ഗുരുവിനെ സംപ്രീതനാക്കി. ഗുരുവിന് ശിഷ്യനോട് വേർപിരിയാനാവാത്ത വിധത്തിലുള്ള അടുപ്പം തോന്നി.

ജടാപാഠികളുടെ മഠത്തിനടുത്തായി ഒരു മുനീശ്വരൻ യോഗനിഷ്ഠയിൽ കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകൾ ആർജ്ജിക്കുവാൻ കുഞ്ഞൻപിള്ളയ്ക്കു സാധിച്ചു. തമിഴ് ശൈലിയിലുള്ള യോഗമുറകൾ കുഞ്ഞൻപിള്ള അഭ്യസിച്ചത് ആ മഹായോഗിയിൽനിന്നായിരുന്നു.

ജടാപാഠികളുടെ വസതിയിൽ താമസിക്കുമ്പോഴാണ് പല സംഗീതോപകരണങ്ങളിലും കുഞ്ഞൻപിള്ള പ്രാവീണ്യം നേടിയത്. കുഞ്ഞൻപിള്ളയുടെ പ്രതിഭയെ തേച്ചുമിനുക്കിയെടുക്കുന്നതിൽ ഈ കാലഘട്ടത്തിന് വലിയ പ്രാധാന്യമുണ്ട്. മുനിസമാനനായ ജടാപാഠികൾ തന്റെ വിജ്ഞാന ഭണ്ഡാരത്തിലുണ്ടായിരുന്ന സിദ്ധികളും ജ്ഞാനവും ശിഷ്യനു പകർന്നു നൽകി. ഇത് കുഞ്ഞൻപിള്ളയെന്ന ചട്ടമ്പിസ്വാമികളുടെ കേരളത്തിലെ സാമൂഹ്യനവോത്ഥാന പ്രവർത്തനങ്ങൾക്ക് ഊർജം നല്കി.

തന്റെ ശിഷ്യന് പ്രതിഭയും ജ്ഞാനവും വേണ്ടുവോളമുണ്ടെന്നും അത് സമൂഹത്തിന്റെ ഉന്നമനത്തിനും സാംസ്കാരിക പരിഷ്കരണത്തിനും ആവശ്യമായ ഊർജ്ജം കൊളുത്തുമെന്നും ആ ഗുരുവിന് മനസ്സിലായി. വിവിധങ്ങളായ മേഖലകളിൽ മികവ് തെളിയിച്ചുകൊണ്ടിരുന്ന ശിഷ്യനെ ഗുരു അനുഗ്രഹിച്ചു. തന്റെ ഗുരുവര്യന്റെ അനുഗ്രഹാശിസ്സുകളും അദ്ദേഹത്തിന്റെ സമ്പർക്കം

പകർന്നു നൽകിയ ആത്മചൈതന്യവുമായി സാമൂഹ്യപ്രവർത്ത നത്തിനാവശ്യമായ ഉൾക്കരുത്തോടെയാണ് കുഞ്ഞൻപിള്ള തിരുവനന്തപുരത്തേക്ക് മടങ്ങിയത്.

കുഞ്ഞൻപിള്ളയുടെ തിരുവനന്തപുരത്തേക്കുള്ള മടക്ക യാത്രയും സംഭവബഹുലമായിരുന്നു. യാത്രയ്ക്കിടയിൽ അത്യാ ശ്രമികളായ പല സിദ്ധന്മാരുമായി അദ്ദേഹം സമ്പർക്കം പുലർത്തി. അവരിൽനിന്നെല്ലാം ശാസ്ത്രാധിഷ്ഠിതമായ ദാർശനികബോധം ആർജ്ജിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. യാത്രയ്ക്കിടയിൽ മരുത്വാമലയിലും പരിസരങ്ങളിലും കുഞ്ഞൻപിള്ള കുറച്ചുനാൾ ഏകാന്ത ധ്യാനത്തിലേർപ്പെട്ടു.

ജനവാസം നന്നേ കുറഞ്ഞ ആ മലയോരപ്രദേശത്ത് ആഹാ രവും ജലപാനവുമില്ലാതെയാണ് അദ്ദേഹം പലപ്പോഴും കഴിഞ്ഞു കൂടിയത്. ഏകാന്തധ്യാനത്തിന്റെ തീവ്രമായ അനുഭവം അദ്ദേ ഹത്തിനു ലഭിച്ചത് അവിടെനിന്നായിരുന്നു. കായ്കനികൾ മാത്ര മായിരുന്നു അക്കാലത്ത് അദ്ദേഹത്തിന് വിശപ്പടക്കുവാൻ ലഭി ച്ചിരുന്നത്.

ഈ യാത്രയ്ക്കിടയിലാണ് ആത്മാനന്ദസ്വാമികൾ എന്നറിയ പ്പെട്ടിരുന്ന ഒരു സിദ്ധനെ കുഞ്ഞൻപിള്ള കണ്ടുമുട്ടിയത്. കുമാര വേലു എന്നായിരുന്നു അദ്ദേഹത്തിന്റെ ലൗകിക നാമം. ആ സിദ്ധ നിൽ നിന്നാണ് കുഞ്ഞൻപിള്ള മർമ്മവിദ്യയുടെ പ്രായോഗിക തലങ്ങളിൽ വൈദഗ്ദ്ധ്യമാർജ്ജിച്ചത്. (ഈ യാത്രയ്ക്കിടയിൽ ഒരു തങ്ങളിൽനിന്ന് ഇസ്ലാമിക ദർശനത്തെക്കുറിച്ചും അദ്ദേഹം മനസ്സിലാക്കിയതായി കാണുന്നു)

തായി അമ്മാൾ, ആറാം സ്വാമികൾ എന്നിവരിൽനിന്ന് വിശിഷ്ടഗണത്തിൽപെട്ട ചില യോഗവിദ്യകൾ മനസ്സിലാക്കു വാനും കുഞ്ഞൻപിള്ളയ്ക്ക് സാധിച്ചു. വൈജ്ഞാനികമായി ഈ യാത്ര കുഞ്ഞൻപിള്ളക്കുണ്ടാക്കിയ നേട്ടങ്ങൾക്ക് കരുത്തും ഊർജ്ജവുമുണ്ടായിരുന്നുവെങ്കിലും അത്യുത്തമനായ ഒരു ഗുരു വിനെ തനിക്കു കണ്ടെത്താൻ കഴിഞ്ഞെങ്കിലെന്ന് കുഞ്ഞൻ പിള്ള ആഗ്രഹിച്ചിരുന്നു.

താൻ ആഗ്രഹിച്ചിരുന്നതുപോലുള്ള ഒരു ഗുരുവിനെത്തേടി കുഞ്ഞൻപിള്ളക്ക് ഏറെക്കാലം അലഞ്ഞു നടക്കേണ്ടതായി വന്നില്ല. വടിവീശ്വരത്തുവെച്ചായിരുന്നു നിർണ്ണായകമായ ഈ സംഗമം. അവിടെ ഒരു വീട്ടിൽ അടിയന്തിര സദ്യ നടക്കുന്നുണ്ടായിരുന്നു. ഊണു കഴിഞ്ഞു പുറത്തേക്കിട്ട ഇലകളിൽനിന്ന് ഉച്ഛിഷ്ടം ഭക്ഷിക്കുവാൻ നായ്ക്കൾക്കൊപ്പം ഒരു വൃദ്ധനും എത്തിച്ചേർന്നു. എന്നാൽ വൃദ്ധനും നായ്ക്കളും തമ്മിൽ യാതൊരു സ്പർദ്ധയുമില്ലാതെ സാഹോദര്യത്തോടെയാണ് എച്ചിൽതീറ്റ തുടർന്നത്. വൃദ്ധൻ ഇടയ്ക്കിടെ എച്ചിൽവാരി പട്ടികളെ തീറ്റിയിരുന്നു എന്നത് അവിടെക്കൂടിയിരുന്ന ആൺകുട്ടികളിൽ കൗതുകമുണർത്തി.

ആ കൗതുകത്തിനൊടുവിൽ അവർ നായ്ക്കളേയും വൃദ്ധനേയും കല്ലെടുത്തെറിയുവാൻ തുടങ്ങി. പക്ഷേ, എത്ര കല്ലേറു കൊണ്ടിട്ടും ആ വൃദ്ധന് ഭാവമാറ്റമൊന്നുമുണ്ടായില്ല. യാതൊരു മുറുമുറുപ്പുമില്ലാതെ ആ നായ്ക്കൾ ആ യാചകനെ അനുസരിച്ചുകൊണ്ടിരുന്നു. വിവേകിയായ മനുഷ്യനേയും വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളേയും സമരസപ്പെടുത്തുന്ന സവിശേഷമായ ഒരു സിദ്ധി ആ യാചകനുണ്ടെന്ന് ആ സദ്യയ്ക്കെത്തിയ കുഞ്ഞൻപിള്ള മനസ്സിലാക്കി.

കുഞ്ഞൻപിള്ള ആ വൃദ്ധനെ സസൂക്ഷ്മം നിരീക്ഷിച്ചു. തന്നെ ഒരാൾ നിരീക്ഷിക്കുന്നുണ്ടെന്നു മനസ്സിലാക്കിയ വൃദ്ധൻ അപ്രതീക്ഷിതമായി എച്ചിൽതീറ്റ നിർത്തി എഴുന്നേറ്റ് നടക്കുവാൻ തുടങ്ങി. വൃദ്ധൻ വെറുമൊരു യാചകനല്ലെന്ന് അനേകം യോഗിവര്യന്മാരെ മുമ്പ് കണ്ടിട്ടുള്ള കുഞ്ഞൻപിള്ളക്ക് മനസ്സിലായിരുന്നു.

ഈ മഹാത്മാവ് തന്റെ ഗുരു തന്നെയെന്ന് ഉറച്ചു വിശ്വസിച്ച ചട്ടമ്പി ആ ഭിക്ഷുവിനെ പിന്തുടർന്നു. എന്നാൽ വൃദ്ധൻ തന്റെ നടത്തം വേഗത്തിലാക്കി. പത്ത് പന്ത്രണ്ട് നാഴിക നടന്നു കഴിഞ്ഞ ഭിക്ഷു പിന്നെ ഓടുവാൻ തുടങ്ങി. കുറേദൂരം ഓടിയ ശേഷം അദ്ദേഹം ഒരു കാട്ടിലേക്ക് പ്രവേശിച്ചു. ശരീരത്തിലെ

ഊർജ്ജം വറ്റിവരണ്ട് കുഞ്ഞൻപിള്ള ബോധരഹിതനായി വീണു പോയി.

തന്നെ പിന്തുടർന്ന യുവാവ് അസാമാന്യനല്ലെന്നും അയാളിൽ ആദ്ധ്യാത്മിക തേജസ്സ് ജ്വലിക്കുന്നുണ്ടെന്നും ആ ഭിക്ഷു മനസ്സിലാക്കി. നിർവ്വാണപ്രാപ്തമായ അനുഗ്രഹവും മന്ത്രോപദേശവും ലഭിക്കുവാൻ ആ യുവാവ് യോഗ്യനാണെന്ന് ആ ഭിക്ഷുവിനു തോന്നി. ബ്രഹ്മജ്ഞാനിയായ ആ ഭിക്ഷു തളർന്നു കിടക്കുന്ന കുഞ്ഞൻപിള്ളയെ താങ്ങിയെടുത്ത് യോഗസുധയുടെ അപൂർവ്വമായ അനുഭൂതി രസങ്ങൾ അവനിലേക്ക് പകർന്നു.

ആ യാചകന്റെ തലോടലേറ്റ് ബോധം വീണ്ടെടുത്ത കുഞ്ഞൻപിള്ള അനുപമമായ ഒരു തേജോവലയം തന്റെ മുന്നിൽ ജ്വലിച്ചു നിൽക്കുന്നത് കണ്ട് വിസ്മയിച്ചുപോയി. കരുണാമയനായ, ജീവൻമുക്തനായ ആ യോഗിവര്യൻ പ്രണവമന്ത്രമുപദേശിച്ചു കൊണ്ട് കുഞ്ഞൻപിള്ളയെ അനുഗ്രഹിച്ചു. ഗുരുഹൃദയത്തിൽ നിന്ന് ആർഷജ്ഞാനത്തിന്റെ കാതൽ ശിഷ്യനിലേക്ക് പകർന്നിറങ്ങിയപ്പോൾ പുതിയൊരു ആദ്ധ്യാത്മികതേജസ്സ് ജനിക്കുകയായിരുന്നു.

ആ വേദാന്താന്വേഷകനിൽ ഊർജ്ജവും ചൈതന്യവും ജ്വലിച്ചു. മാനസിക ജീർണ്ണതകളെ ഉന്മൂലനം ചെയ്തുകൊണ്ട് ഭക്തിയുടെ മഹാസാഗരം ആ യുവാവിന്റെ വിചാരധാരയെ നിർമ്മലമാക്കി. ശ്രീരാമകൃഷ്ണപരമഹംസർ സ്വാമി വിവേകാനന്ദന് വെറും കരസ്പർശത്തിലൂടെ ആദ്ധ്യാത്മികമായ അനുഭവബോധ്യം വരുത്തിയതുപോലുള്ള ഒരു പ്രക്രിയയാണ് ഇവിടെ നടന്നത്: വിവേകജ്ഞാനത്തിന്റെ സൂര്യോദയം.